# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5929** 04.07.2019 ൽ മറുപടിക്ക്

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇരുമ്പു പാലത്തിന്റെ പുനർ നിർമ്മാണം**

**ചോദ്യം**
**ശ്രീ.എം. സ്വരാജ്**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഇരുമ്പു പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ഇരുമ്പുപാലത്തിന്റെ അപകടാവസ്ഥ ജില്ലാ ഭരണകൂടത്തിന് റിപ്പോർട്ട് ചെയ്യുകയും തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം 04/03/2019 മുതൽ പാലത്തിലൂടെ ഇരുചക്ര വാഹനമൊഴികെയുള്ള വാഹനങ്ങളുടെ ഗതാഗതം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇവിടെ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ; | (സി) | പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സമയബന്ധിതമായി പ്രസ്തുത പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഈ പ്രവൃത്തിയുടെ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**